## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2575      06.12. 2018 ൽ മറുപടിക്ക്

# വൈദ്യുതി വകുപ്പിൽ വിവിധ തസ്തികകളിൽ നിയമനം

ചോദ്യം

ശ്രീ.ഒ.ആർ.കേളു

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

**ചോദ്യം:**

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു-ശേഷം വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിൽ എത്ര പേർക്ക് വിവിധ തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്;

**ഉത്തരം:**

(എ) സംസ്ഥാനമൊട്ടാകെ വ്യാപിച്ചുകിടക്കുന്ന കെ.എസ്.ഇ.ബി. എൽ. ലെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലൊഴികെ ബാക്കി എല്ലാ തസ്തികകളിലേക്കുമുള്ള നിയമനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിലാണ് നടത്തപ്പെടുന്നത്.

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ഇ.ബി.എൽ.-ലെ ജില്ലാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന മസ്ദൂർ തസ്തികയിൽ വയനാട് ജില്ലയിലേയ്ക്ക് ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

സംസ്ഥാനടിസ്ഥാനത്തിൽ നിയമനം നടത്തുന്ന തസ്തികകളിൽനിന്ന് വയനാട് ജില്ലയിലെ കെ.എസ്.ഇ.ബി.എൽ.-ന്റെ വിവിധ കാര്യാലയങ്ങളിലേയ്ക്ക് നടത്തിയ നിയമന വിവരം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 7 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) (26.05.2016 –ന് നിയമന ഉത്തരവ് നൽകി നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ല). | 1 |
| 3 | സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 14 |
| 4 | ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ 16.03.2018 ന് (നിയമന ഉത്തരവ് നൽകി നാളിതുവരെ ജോലിയിൽ ഹാജരായിട്ടില്ല). | 1 |
| 5 | മീറ്റർ റീഡർ ( ആശ്രിത നിയമനം) | 1 |

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ ഒരു അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഒരു പാർട്ട്-ടൈം സ്വീപ്പർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.

| | |
|---|---|
| (ബി)മാനന്തവാടി സെക്ഷൻ ഓഫീസ് വിഭജിക്കാനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ബി)പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് മാനന്തവാടി സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ